# ചാവറനാദം

**മാന്നാനം വി. ചാവറ തീർത്ഥാടന കേന്ദ്രത്തിന്റെ മുഖപത്രം**

Volume. 4

March 2020




# വി. യൗസേപ്പിതാവിനോടുള്ള ഭക്തി വി. ചാവറപിതാവിൽ




*റവ. ഡോ. തോമസ് മാമ്പ്ര സി.എം.ഐ.*


വി. ചാവറപിതാവ് ഏറ്റവുമധികം കാലം താമസിക്കുകയും പ്രവർത്തനനിരതനാവുകയും ചെയ്ത സ്ഥലമാണ് മാന്നാനം വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള സി.എം.ഐ. ആശ്രമം. ആശ്രമസ്ഥാപനത്തിനുള്ള സ്ഥലാന്വേഷണത്തിന്റെ ആരംഭഘട്ടങ്ങളിൽ വിശുദ്ധ ചാവറപിതാവ് ഉൾപ്പെട്ടിരുന്നില്ലെങ്കിലും, ആശ്രമസ്ഥാപനം മാന്നാനം കുന്നിൽ എന്നുറപ്പിച്ചതിനുശേഷം വിശുദ്ധ ചാവറപിതാവ് പലപ്പോഴും ബ്ര. കണിയാന്തറ യാക്കോബുമൊത്ത് മാന്നാനത്ത് താമസിച്ച് പള്ളികളുടെ മേൽനോട്ടം വഹിച്ചിരുന്നതായി അദ്ദേഹത്തിന്റെ നാളാഗമങ്ങൾ എന്ന പുസ്തകത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. 1831 മെയ് മാസം 11-ാം തീയതി ആശ്രമത്തിനും ദൈവാലയത്തിനുംവേണ്ടിയുള്ള ശിലാസ്ഥാപനം വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലാവുന്നതിനുള്ള മുഖ്യകാരണം ബഹു. തോമസ് പോരൂക്കര മല്പാനച്ചന് വിശുദ്ധ യൗസേപ്പിതാവിനോടുണ്ടായിരുന്ന സവിശേഷഭക്തിയും സ്നേഹവുമായിരുന്നെന്ന് നാളാഗമങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. 1832 മുതൽ ബഹു. തോമസ് പോരൂക്കര മല്പാനച്ചനോടുകൂടെ മാന്നാനത്ത് താമസിച്ച് നടത്തിയിരുന്ന ജപധ്യാനങ്ങളും ഭക്താഭ്യാസങ്ങളും വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തിയിൽ വളരുവാൻ വിശുദ്ധ ചാവറപ്പിതാവിനെ സഹായിച്ചു എന്ന് കരുതുക ന്യായം തന്നെ.

എന്നാൽ ചാവറപിതാവിന്റെ വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തിയുടെ ഉറവിടം തേടുമ്പോൾ നാം ചെന്ന് ചേരുന്നത് മറ്റൊരു ഭൂമികയിലേക്കാണ്. ബാല്യകാലസ്മരണകൾ അയവിറക്കുന്ന ആത്മാനുതാപത്തിലെ ആദ്യ രണ്ട് അദ്ധ്യായങ്ങളിലും കവി വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് പറയുന്നുണ്ട്.

‘അക്കാലം നാവിളക്കുവാൻ നേരത്ത്
പൊക്കിക്കാട്ടി പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാം ഈശോമറിയവും
ശുദ്ധനായ മാർയൗസേപ്പിൻ നാമവും‘

*(I67-70)*

അങ്ങനെ കുട്ടിക്കാലംമുതൽ വി. ചാവറയുടെ ഇളംമനസ്സിൽ കോറിയിട്ട വിശുദ്ധ യൗസേപ്പിന്റെ നാമം അദ്ദേഹത്തിൽ ഗാഢമായി പതിഞ്ഞതിന്റെ ഫലമാണ് പിന്നീടുള്ള പല അദ്ധ്യായങ്ങളിലും വിശുദ്ധ യൗസേപ്പിനെ പ്രത്യേകമായി സ്മരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. തന്റെ കുട്ടിക്കാലത്തെക്കുറിച്ചുള്ള സ്മരണകൾ അയവിറക്കുമ്പോൾ അദ്ദേഹത്തിന്റെ ചിന്തകൾ യേശുവിന്റെ മനുഷ്യാവതാരത്തെ സ്മരിക്കുന്ന അവസരത്തിൽ പാടുകയാണ്.

*‘ക്ഷപനാം പിതാവെന്റെ ശരണം യൂസെ മുനി*
*ക്ഷമയാൽ പാർത്തുനോക്കും സുതനെ ബഹു*
*സ്നേഹത്താൽ’*

*(II239-240)*

ഇവിടെ വിശുദ്ധ യൗസേപ്പിതാവിനെ കവി വിശേഷിപ്പിക്കുന്നത് എന്റെ ശരണം ‘യൂസെ മുനി‘ എന്നാണ്. എല്ലാ കാര്യങ്ങളിലും താൻ ശരണം വച്ചിരുന്ന, പ്രതീക്ഷയർപ്പിച്ചിരിക്കുന്ന വിശുദ്ധ യൗസേപ്പ് എന്നാണ് ചാവറപിതാവ് എഴുതിയിരിക്കുന്നത്. ജീവിതാന്ത്യത്തോട് അടുത്ത അവസരത്തിൽ ഇങ്ങനെ എഴുതുന്ന ചാവറ തന്റെ പ്രവർത്തനനിരതമായ ജീവിതത്തിലുടനീളം പ്രത്യേകിച്ച് ആദ്യകൊവേന്തകളുടെ സ്ഥാപനം, പ്രസ്സ് സ്ഥാപനം, കന്യകാമഠം സ്ഥാപനം തുടങ്ങിയ ശ്രമകരമായ പ്രവർത്തനങ്ങളിലും റോക്കോസ് സംഭവംപോലെ കേരളസഭയെ ആകമാനം ഗ്രസിച്ചുലച്ച പ്രശ്നങ്ങളെ ശാന്തമായി, ധൈര്യസമേതം നേരിട്ട അവസരങ്ങളിലുമെല്ലാം തികഞ്ഞ ദൈവാശ്രയബോധത്തോടൊപ്പം അതീവഭക്തിയോടെ ശരണം വച്ചിരുന്നത് വിശുദ്ധ യൗസേപ്പിതാവിലാണെന്ന് കവി സ്മരിക്കുകയാണ്. ആത്മാനുതാപത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ അവതരിച്ച ഉണ്ണിയേശുവിനെ കാണാകേണം എന്ന് തുടർച്ചയായി പാടുന്നതിനിടയിലും വിശുദ്ധ യൗസേപ്പിതാവിനെ പ്രത്യേകം സ്മരിക്കുന്നുണ്ട്.

‘എപ്പേരും കണ്ടാനന്ദാബ്ധിയിൽ താഴുന്ന
ചില്പ്പുമാൻ യൂസെയും കാണാകേണം’

നാലും അഞ്ചും അദ്ധ്യായങ്ങളിൽ ജനസംഖ്യാകണക്കെടുപ്പ് പ്രമാണിച്ച് റോമൻ ഭരണാധികാരി അഗസ്റ്റസ് സീസറിന്റ കല്പനയനുസരിച്ച് യൗസേപ്പും മേരിയും ബേത്‌ലഹേമിലേക്ക് പോകുന്നത് നാം കാണുന്നുണ്ട്. ബന്ധുക്കളുടെയോ പരിചയക്കാരുടെയോ വസതിയിൽ ഇടം കണ്ടെത്താമെന്ന പ്രതീക്ഷയെല്ലാം വാടിക്കരിയുന്ന യൗസേപ്പിതാവ് അവസാനം സുരക്ഷയൊന്നുമില്ലാത്ത ഒരു കാലിത്തൊഴുത്തിൽ അഭയം തേടാൻ നിർബന്ധിതനായി. അല്പം വിശ്രമിക്കാൻ മനസ്സില്ലാമനസ്സോടെ പോകുന്നതും ആസമയത്ത് ദിവ്യഉണ്ണി അവതാരം ചെയ്യുന്നതും സ്നേഹപുരസ്സരം മന്ദസ്മിതത്തോടെ തന്നെ നോക്കുന്ന ദിവ്യഉണ്ണിയെ ആരാധനയോടെ കരങ്ങളിൽ സ്വീകരിക്കുന്ന വി.യൗസേപ്പിനൊപ്പം ആത്മനാ ആരാധിക്കുന്ന വി. ചാവറയെയും നമുക്ക് കാണാനാവും. പരി. മാതാവിനെയും ദിവ്യഉണ്ണിയെയും കൂട്ടിക്കൊണ്ട് ഈജിപ്റ്റിലേക്ക് പ്രയാണം ചെയ്യുന്ന വി. യൗസേപ്പിന്റെ ആശങ്കയിലും ആശ്വാസത്തിലും പങ്കാളിയാകുന്ന ചാവറയച്ചനെയാണ് നമുക്കിവിടെ കാണാനാവുന്നത്. വി. ചാവറപിതാവിന്റെ ജീവിതത്തിലുടനീളം വി.യൗസേപ്പിതാവിനോടുള്ള ഭക്തി തെളിഞ്ഞ് കാണുവാൻ കഴിയും. മാന്നാനത്തെ ആശ്രമത്തിന്റെയും പള്ളിയുടെയും പണി നോക്കുന്ന അവസരത്തിലും പ്രസ്സിന്റെ സ്ഥാപനത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നപ്പോഴുമെല്ലാം അത്യാവശ്യസന്ദർഭങ്ങളിൽ വിശുദ്ധൻ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതും സഹായം ലഭിക്കുന്നതും നാം ദർശിക്കുന്നുണ്ട്.

കൈനകരിയിൽ സ്ഥാപിതമായ ഉപവിശാലയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കുവാൻ വി. യൗസേപ്പിന്റെ നാമത്തിൽ ഒരു നന്മരണസഖ്യം സ്ഥാപിക്കുന്ന കാര്യവും നാം വായിക്കുന്നുണ്ട്.

കർമ്മെലീത്താ സഭയുമായുള്ള ബന്ധം പ്രത്യേകിച്ച് ബഹു. ലെയോപ്പോൾദ് മിഷനറിയുമായുള്ള സുദൃഢമായ ബന്ധം വി. അമ്മത്രേസ്യായ്ക്കും കർമ്മെലസഭാംഗങ്ങൾക്കും വിശുദ്ധ യൗസേപ്പിതാവിനോടുള്ള വിശേഷഭക്തി മനസ്സിലാക്കുവാനും ആ ഭക്തിയിൽ വളരുവാനും കർമ്മെലീത്തനായ ചാവറയെ പ്രേരിപ്പിച്ചിട്ടുണ്ടാവണം. വി. ചാവറപിതാവ് തന്നെ തന്റെ മരണത്തിന് തൊട്ടുമുമ്പ് വെളിപ്പെടുത്തിയതുപോലെ ചെറുപ്രായം മുതൽ അദ്ദേഹത്തിന്റെ മാതാപിതാക്കൾ തിരുക്കുടുംബത്തോടുള്ള വിശേഷഭക്തി തന്നിൽ വളർത്തിയിരുന്നുവെന്നും ജീവിതത്തിലുടനീളം ഈ ഭക്തി താൻ കാത്തുസൂക്ഷിച്ചിരുന്നുവെന്നും തന്നിമിത്തം മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം നഷ്ടമാക്കാനിടയായില്ല എന്ന പ്രസ്താവന എത്ര മഹനീയമായ ഒരനുഗ്രഹമായിട്ട് അദ്ദേഹം കരുതിയിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. മാതാപിതാക്കളിലൂടെ തന്നിലുദിച്ച വി.യൗസേപ്പിനോടുള്ള ഭക്തി ഉത്തരോത്തരം വളർത്തുവാൻ ആ വിശുദ്ധപിതാവിന്റെ നാമത്തിലുള്ള ആശ്രമത്തിന്റെയും ദേവാലയത്തിന്റെയും പണി പൂർത്തിയാക്കുന്നതിലൂടെയും സുദീർഘമായ 32 വർഷത്തെ തുടർച്ചയായ ജീവിതത്തിലൂടെയും വിശുദ്ധ ചാവറപിതാവിന് കഴിഞ്ഞു. ദൈവേഷ്ടപ്രസാദത്തോടുകൂടി നിരന്തരം ജീവിച്ച് ഒരു നല്ലമരണം സംലഭ്യമാക്കുവാൻ ആഗ്രഹിക്കുന്നവരായ നമുക്ക് വി. യൗസേപ്പിതാവിനോടുള്ള പുത്രനിർവിശേഷമായ ഭക്തിയിൽ വളരുവാൻ വി. ചാവറപിതാവിനോട് പ്രാർത്ഥിക്കാം. അവിടുന്ന് തന്റെ ദാസരെ കടാക്ഷിച്ചനുഗ്രഹിക്കട്ടെ.

# രക്ഷനൽകുന്ന കുരിശ്



*“സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ ശക്തികുറഞ്ഞ ആളാകുന്നു.”*



ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ ഈശോയുടെ സഹനങ്ങളെക്കുറിച്ച് ധ്യാനിച്ച് ഉത്ഥാനത്തിന് വേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. വി. യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായം 14,15 തിരുവചനങ്ങൾ ഇപ്രകാരം പറയുന്നു. ‘മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയിർപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. ഈശോ ഇവിടെ സംഖ്യയുടെ പുസ്തകത്തിലെ മോശയാൽ നയിക്കപ്പെടുന്ന ഇസ്രായേൽക്കാരെയാണ് സൂചിപ്പിക്കുന്നത്. ഇസ്രായേൽക്കാർ ദൈവത്തിൽ വിശ്വസിക്കാതിരുന്നപ്പോൾ, അവിടുന്ന് രക്ഷയാണെന്ന് മനസ്സിലാക്കാതിരുന്നപ്പോൾ, ദൈവത്തിനെതിരെ പിറുപിറുത്തപ്പോൾ, പരാതി പറഞ്ഞപ്പോൾ സർപ്പങ്ങളെ അയച്ച് ദൈവം അവരെ ശിക്ഷിച്ചു. ആ ശിക്ഷയിൽ നിന്ന് രക്ഷപെടുവാൻ മോശ ദൈവത്തോട് പ്രാർത്ഥിച്ചപ്പോൾ ദൈവം മോശയോട് പറഞ്ഞു ‘ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി ശിക്ഷിക്കപ്പെട്ടവരോട് നോക്കുവാൻ പറയുക. അവർക്ക് രക്ഷ ലഭിക്കും‘ (സംഖ്യ, 21:8) ഈശോ സംഖ്യയുടെ പുസ്തകത്തിൽ നിന്ന് പുതിയനിയമത്തിലേക്ക് ഈ രക്ഷ എങ്ങനെയാണ് സാധ്യമാകുന്നതെന്ന് കാണിക്കുന്നു. നിത്യജീവനുണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. എന്താണ് ഈ ഉയർത്തപ്പെടൽ ? കുരിശ്. ഈശോ കുരിശിൽ തറയ്ക്കപ്പെട്ട് ഉയർത്തപ്പെടുമ്പോൾ അവിടുന്ന് പുതിയനിയമത്തിലെ രക്ഷയുടെ ചിഹ്നമാകുന്നു. ആ രക്ഷയുടെ ചിഹ്നവും കുരിശാണ്. നിത്യജീവൻ ലഭിക്കുവാൻ വി. യോഹന്നാന്റെ ഭാഷയിൽ ജീവന്റെ ജലം അഥവാ നിത്യജീവന്റെ ജലം ലഭിക്കുവാൻ കുരിശിലേക്ക് നോക്കുക. കുരിശ് അത് നമുക്ക് തരുന്നു. നമ്മുടെ അനുദിന ജീവിതത്തിലെ ബുദ്ധിമുട്ടുകളിലൂടെയും വേവലാതികളിലൂടെയും നമുക്ക് രക്ഷ ലഭിക്കുന്നത് അവയെ ക്ഷമയോടെ കുരിശിൽ നോക്കി സ്വീകരിക്കുവാൻ നാം തയ്യാറാകുമ്പോഴാണ്. ഇത് തന്നെയാണ് വി. ചാവറപിതാവും പറയുന്നത് ‘സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ ശക്തികുറഞ്ഞ ആളാകുന്നു‘.

ഈ നോമ്പുകാലം ഒരു നവീകരണത്തിന്റെ കാലഘട്ടമാവണം. നവീകരിക്കപ്പെട്ട മനുഷ്യർക്കാണ് മറ്റുള്ളവരെ നവീകരിക്കുവാൻ സാധിക്കുന്നത്. ഫ്രാൻസീസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നതും അനുദിനം തന്റെ ജീവിതത്തിലൂടെ കാണിച്ചുതരുന്നതും ഈ നവീകരണത്തിന്റെ മാതൃകയാണ്.

ചെങ്കടലിന് മോശയെ തടയാൻ കഴിഞ്ഞില്ലെങ്കിൽ,

ജറീക്കോപട്ടണത്തിന്റെ മതിലിന് ജോഷ്വായെ തടയാൻ സാധിച്ചില്ലെങ്കിൽ,

ഗോലിയാത്തിന് ദാവീദിനെ തോൽപിക്കാൻ സാധിച്ചില്ലെങ്കിൽ,

മരണത്തിന് മിശിഹായെ തോൽപിക്കാൻ സാധിച്ചില്ലെങ്കിൽ

ഈ ലോകത്തിലൊന്നിനും നിങ്ങളെ തകർക്കാൻ സാധിക്കുകയില്ല കാരണം,

**കുരിശ് നമുക്ക് രക്ഷയാണ്. നമുക്ക് കുരിശിലേക്ക് നോക്കാം. രക്ഷ പ്രാപിക്കാം**

*സ്നേഹപൂർവ്വം*


**റവ. ഡോ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ.**

പ്രിയോർ ജനറാൾ


# വിശുദ്ധ ചാവറധ്യാനം




*റവ. ഡോ. കുര്യാക്കോസ് ഏലിയ വടക്കേത്ത് സി.എം.ഐ.*


വിശുദ്ധ ചാവറപിതാവിന്റെ ധ്യാനരീതിയെക്കുറിച്ച് ശ്രദ്ധിക്കുമ്പോൾ അത് അതിലളിതവും എന്നാൽ ആഴമേറിയ ആദ്ധ്യാത്മികത നിറഞ്ഞതുമാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും. ദൈവ കരുണയെ മനസിലാക്കി ദൈവൈക്യത്തിൽ എത്തിച്ചേരുവാൻ സഹായിക്കുന്ന ചൈതന്യവും സ്വഭാവവും വി. ചാവറധ്യാനരീതിയ്ക്കുണ്ട്. വി. കുര്യാക്കോസ് ഏലിയാ ചാവറയുടെ ശൈലിയിൽ ധ്യാനമെന്നത്: ‘സ്നേഹത്താൽ ദൈവത്തോട് ചേർന്ന് തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോടൊന്നിച്ചുള്ള സംഭാഷണമെന്നതുപോലെ, ആത്മമണവാളനായ ഈശോമിശിഹായോന്നിച്ചിരുന്ന് സംസാരിക്കുകയത്രെ ഇതിന്റെ പ്രവൃത്തി‘. (വി. ചാവറ ധ്യാനസല്ലാപങ്ങൾ)

നമുക്ക് എല്ലാം പരിചിതമായ മണവാളൻ മണവാട്ടി ബന്ധത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. ഈ സ്നേഹത്തിന്റെ ചൈതന്യം വ്യക്തമാക്കുന്ന വി. ചാവറപിതാവിന്റെ ചിന്ത താഴെ കൊടുക്കുന്നു.

**‘എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു നീ**
**നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.**
**ശ്വാസവുമെനിക്ക് നീയേ യാവനപാനം നീയേ**
**ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ‘**

**ആത്മാനുതാപം (11: 143 – 146)**

സ്നേഹത്തിന്റെ മൂർത്തീഭാവമാണ് ഈശോയുടെ കുരിശുമരണത്തിൽ നാം കാണുന്നത്. ഈശോ തനിക്കുള്ളവരെ സ്നേഹിച്ചു. അവസാനം വരെ സ്നേഹിച്ചു (യോഹ 13:1) ഈ സ്നേഹത്തെ അനുഭവിച്ചറിഞ്ഞ വിശുദ്ധ ചാവറപിതാവ് ഇപ്രകാരം കുറിക്കുന്നു.

**‘ധൂർത്തുള്ള മണപന്തൽ ഗാഗുൽത്താ കൊടുമുടി**
**നീഗത്വമഹാവേഗമായുള്ള യാത്ര കാണ്മാൻ**
**ധീരതയുള്ള സ്നേഹവാമിനിവന്നീടുക**
**സൂക്ഷിക്ക മഹാസ്നേഹമണവാളന്റെ ഗളേ**
**സൂക്ഷിപ്പാൻ ചക്ഷുസ്സിനു ശക്തിയെത്താത്ത മാല**
**തൻ കരകടകങ്ങളെത്രയോ മഹാചിത്രം**
**അംബരശ്രേഷ്ഠന്മാർക്കും പാർക്കുവാൻ തിറം പോരാ**
**സുന്ദരൻ മണവാളൻ തന്നുടെ കിരീടത്തെ**
**സുന്ദരാംഗിയെ മഹാസ്നേഹത്താൽ സൂക്ഷിക്ക നീ**
**നിന്നുടെ സ്നേഹവശാലിന്നു മാത്രമായിതു‘**

**ആത്മാനുതാപം VIII - 77:86)**

വി. ചാവറപിതാവിന്റെ ദർശനം പൂർണ്ണമായും ഈശോയിൽ കേന്ദ്രീകരിക്കപ്പെടുന്നു. ദൈവത്തോടുള്ള തുറവി ദൈവസ്നേഹത്തിൽ നിറയുന്നതിനുള്ള അടയാളമായി കണ്ട് ഭക്ഷണപാനീയങ്ങളെല്ലാംതന്നെ ഇതിൽ കണ്ടെത്തുന്നു. ത്രിത്വൈകദൈവത്തെക്കുറിച്ചുള്ളധ്യാനം വളരെ വ്യക്തമാണ്. ജനിച്ചപ്പോൾ ലഭിച്ച ശ്വാസം ദൈവം തന്നെ (ഉത്പത്തി 2:7, യോഹ 20:22) ഈ ശ്വാസം ദൈവികജീവനും ദൈവസ്നേഹവുമാണ്. (2 പത്രോ. 1:4; റോമ. 5:5) ജീവിതത്തിലുടനീളം ഈശോയെ ദർശിച്ച് യഥാർത്ഥ മിശിഹാനുഗമനമായി മണവാളൻ



മണവാട്ടി ബന്ധത്തിന്റെ ചൈതന്യത്തിൽ ഈശോയുമായി ജീവിച്ചു. ഈ ബന്ധം തുടങ്ങിയത് മാമ്മോദീസായിലും അത് പൂർത്തീകരിച്ചത് മരണത്തിലും. എന്താണ് മാമ്മോദീസായിൽ ലഭിച്ച ഇഷ്ടപ്രസാദം? അത് പരിശുദ്ധാത്മാവാണ്. തന്റെ ആത്മാവാകുന്ന

മണവാട്ടിയെ ഈശോയിലേക്ക് നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ഈ രഹസ്യങ്ങളെല്ലാം വി. ചാവറപിതാവ് ധ്യാനവിഷയമാക്കിയതിന്റെ പ്രകാശനമാണ് ധ്യാനസല്ലാപങ്ങളും ആത്മാനുതാപവുമെല്ലാം. അതും ആഴത്തിൽ വലവീശിയ ശ്ലീഹന്മാരുടെ അനുഭൂതിയിൽ (ലൂക്ക 5:4)

വി. ചാവറപിതാവിന്റെ ധ്യാനരീതി അതിലളിതമായിരുന്നു. ലളിതമായ ധ്യാനരീതിയിൽ വരുന്ന സുപ്രധാനമായ ഒന്നാണ് 'സ്നേഹിതന്മാർ തമ്മിൽ നടത്തുന്ന സംഭാഷണം'. ഈ രീതിയിലാണ് വി. ചാവറപിതാവ് ഈശോയോട് സംഭാഷിച്ചിരുന്നത്. സ്നേഹിതനോട് ഒന്നിച്ചുള്ള സംഭാഷണം എന്നാണ് വി. ചാവറപിതാവ് ധ്യാനത്തിന്റെ ലളിതസ്വഭാവത്തെ അവതരിപ്പിക്കുന്നത്. ഈ ലളിത ധ്യാനശൈലി വിശുദ്ധ ചാവറ വിവരിക്കുന്നത് ഇപ്രകാരമാണ്. 'സ്നേഹിതന്മാർ ഒന്നിച്ചിരുന്നാൽ വേർതിരിയും വരെയും നാവടങ്ങാതെ സംസാരിക്കും.... ഇതിനിടയിൽ അവർക്കും സംസാരത്തിന് വകയില്ലാഞ്ഞിട്ട് മിണ്ടടങ്ങിയിരുന്നുവെന്നും വരികയില്ല. അപ്പഴോ സ്നേഹമുണ്ടെങ്കിൽ അയാളോട് സംസാരിപ്പാൻ വകയുണ്ടാകും. ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും വേണ്ട. പേച്ചറിയാത്തവരും സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു. ഒരു പേച്ചറിയുന്നവനോട് സംസാരിക്കുന്നതിനെക്കാളും പേച്ചറിയാത്ത സ്നേഹിതനോട് സംസാരിപ്പാനത്രേ ഇഷ്ടം. ഒന്നും ഉരിയാടാതിരിക്കുന്നുവെങ്കിലും സ്നേഹിതന്റെ ചാരെയിരിക്കുന്നതുതന്നെ തൃപ്തിയാകുകയും ചെയ്യും'.(ധ്യാനസല്ലാപങ്ങൾ, പുറങ്ങൾ 14:15)

ദൈവത്തെ ഇത്രമാത്രം ഒരു സ്നേഹിതന്റെ സ്ഥാനത്തുകണ്ടെത്തിയ വി. ചാവറപിതാവ്, ഈശോയെ അപ്പാ എന്നും അഭിസംബോധന ചെയ്യുന്നു. ഈശോ തന്നെ ഇത് വെളിപ്പെടുത്തുന്നു. 'എന്നെ കാണുന്നവൻ പിതാവിനെ ദർശിക്കുന്നു' (യോഹ. 14 :'9) ഈശോ തന്റെ ശിഷ്യരെ വിളിച്ചതും 'നിങ്ങൾ എന്റെ സ്നേഹിതർ എന്നാണ്'. (യോഹ. 15:14). ചുരുക്കത്തിൽ വി. ചാവറപിതാവിന്റെ ധ്യാനരീതിയിൽ പ്രഥമതഃ ദൈവത്തെ ദർശിക്കുന്നു; തുടർന്ന് അവിടുത്തോട് സംഭാഷിക്കുന്നു. സംഭാഷണശേഷം ജീവിതത്തെ സംഭാഷണവിഷയമായ ദൈവവചനത്തോട് വിധേയമാക്കുന്നു. തുടർന്ന് ജീവിതനവീകരണം നടക്കുന്നു. വി. ചാവറപിതാവിന്റെ ജീവിതത്തിൽ ഇത് അനുദിനം നടന്ന പ്രക്രിയ ആണ്. ഈ നല്ല പിതാവിന്റെ ആഴമേറിയതും ലളിതവുമായ ധ്യാനരീതി നമുക്ക് അനുകരിക്കാം. അനുദിനം നമുക്കും ജീവിതനവീകരണം നടത്താം. •

# വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾ



**പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നതിനും അനുഗ്രഹങ്ങൾ അറിയിക്കുന്നതിനും**
**9447738150**

## തിരുനാൾ സമ്മാനം അത്ഭുതസൗഖ്യം



89 വയസ്സായ എനിക്ക് ഷുഗർ നില വളരെ കൂടുതലാവുകയും ശരീരത്തിൽ ഇരിയ്ക്കുന്ന ഭാഗത്ത് ഒരു വലിയ മുറിവുണ്ടായി പഴുത്ത് കീറേണ്ടിയും വന്നു. സ്റ്റിച്ചിടാൻ സാധിക്കാത്ത വിധത്തിൽ പഴുത്തിരുന്നതിനാൽ സ്റ്റിച്ചിടാതെ തന്നെ ആശുപത്രിയിൽ നിന്നും വീട്ടിലേക്ക് വിട്ടു. ഇരിക്കുവാനോ ശരിയായി കിടക്കുവാൻ പോലും സാധിക്കാതെ വേദനയാൽ വളരെയധികം വിഷമിച്ച എന്റെ വേദന കണ്ട് കന്യാസ്ത്രീയായ എന്റെ മകൾ വിശുദ്ധ ചാവറപിതാവിന്റെ തിരുനാൾ ദിനത്തിൽ കബറിടത്തിൽ വന്ന് തിരുനാൾ സമ്മാനമായി എന്റെ അമ്മയുടെ വേദനകൾ മാറ്റി അമ്മയ്ക്ക് പൂർണ്ണസൗഖ്യം നൽകണമെയെന്നും ഫോട്ടോസഹിതം സാക്ഷ്യം നൽകികൊള്ളാമെന്നും നേർന്ന് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ഡോക്ടർമാരെപോലും അത്ഭുതപ്പെടുത്തിക്കൊണ്ട് മുറിവ് മാംസംവന്ന് മൂടി പൂർണ്ണമായി കരിഞ്ഞു. ഈ അത്ഭുതസൗഖ്യം ഈശോയിൽ നിന്നും വിശുദ്ധ ചാവറപിതാവ് തിരുനാൾ സമ്മാനമായി നല്കിയതാണെന്ന് പൂർണ്ണമായി വിശ്വസിച്ച് നന്ദി അറിയിക്കുന്നു.



**മറിയാമ്മ തോമസ്, തൃക്കൊടിത്താനം**

## OET പരീക്ഷയിൽ വിജയിച്ചു

ഞാൻ OET പരീക്ഷയിൽ ആദ്യ ചാൻസിൽ പരാജയപ്പെട്ടു. രണ്ടാമതും എഴുതുവാൻതീരുമാനിച്ചപ്പോൾ പരീക്ഷയെഴുതുന്നതിന് മുൻപായി വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ച് ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും സാക്ഷ്യം പറഞ്ഞുകൊള്ളാമെന്നും നേർന്നതിന്റെ ഫലമായി രണ്ടാമത്തെ പ്രാവശ്യം പരീക്ഷയിൽ വിജയിച്ചതിന് നന്ദി പറയുന്നു.

**റ്റീനാ തങ്കച്ചൻ, പാലാ**

## ലൈസൻസ് പുതുക്കുവാൻ സാധിച്ചു

ഞങ്ങളുടെ ഡ്രൈവിംഗ് സ്കൂളിന്റെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് പലവിധ തടസ്സങ്ങൾ ഉണ്ടായിരുന്നു. പുതുക്കാൻ സാധിക്കില്ല എന്ന അവസ്ഥയിൽ ആയപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ആശ്രയിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എല്ലാ തടസ്സങ്ങളും മാറി ലൈസൻസ് പുതുക്കി കിട്ടിയതിന് നന്ദി പറയുന്നു.

**റോജി മാത്യു, പേരൂർ**

## പ്രാർത്ഥനയ്ക്കുത്തരം ലഭിച്ചു

വിദേശത്ത് കഴിയുന്ന എന്റെ മകളുടെ മൂന്ന് ദിവസം പ്രായമായ കുഞ്ഞിന് കണ്ണിൽ ഇൻഫെക്ഷനാവുകയും പരിശോധനകളിൽ കണ്ണുനിർ ഗ്രന്ഥിക്ക് ബ്ലോക്കുള്ളതായും കണ്ടെത്തി. ഒരുമാസമായിട്ടും കണ്ണിന്റെ അവസ്ഥയ്ക്ക് കുറവില്ലായിരുന്നു. മകളുടെ അടുത്ത് നിന്നും നാട്ടിലെത്തിയ ഞാൻ വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിലെത്തി കുഞ്ഞിന്റെ സൗഖ്യത്തിനായി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി അസുഖം പൂർണ്ണമായി മാറി. ഈ അനുഗ്രഹം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ചതാണെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**ലൗലി ജെയിംസ്, മാന്നാനം**

## അവിസ്മരണീയം ഈ മാദ്ധ്യസ്ഥം



എന്റെ മകൻ ഒരു ഡോക്ടറായി കാണണമെന്ന ആഗ്രഹത്താൽ അവൻ നാലാം ക്ലാസ്സിൽ പഠിയ്ക്കുന്ന സമയത്ത് മകനുമൊത്ത് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. പിതാവിന്റെ മാദ്ധ്യസ്ഥതയിൽ ഞങ്ങളുടെ ആഗ്രഹം സഫലമാക്കിത്തന്നു. മകന്റെ പഠനകാലത്തുടനീളം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം ഉണ്ടായിരുന്നു. ഞങ്ങൾക്ക് കിട്ടിയ അനുഗ്രഹത്തിന് നന്ദിയായി ഏഴര ഗ്രാം തൂക്കമുള്ള ഒരു സ്റ്റെതസ്കോപ്പ് സമർപ്പിച്ച് പിതാവിന് നന്ദി പറയുന്നു.

**വർഗ്ഗീസ് ജോസഫും കുടുംബവും കുമളി**

## സ്വന്തമായി ഭവനം ലഭിച്ചു

15 വർഷമായി വാടകയ്ക്ക് താമസിച്ചിരുന്ന ഞങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങി ഒരു വീട് വയ്ക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി സ്വന്തമായി വീട് വച്ച് താമസിക്കുന്നതിനുള്ള അനുഗ്രഹം ലഭിച്ചു. കൂടാതെ വീടിന്റെ വരുമാനമാർഗ്ഗമായ വളർത്തുമൃഗത്തിന്റെ കുളമ്പ് പഴുത്ത് വളരെ അവശനിലയിലായപ്പോഴും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി പിറ്റേദിവസം തന്നെ രോഗം സുഖമായതിനും നന്ദി പറയുന്നു.

**ഉഷ രഘു, നീറിക്കാട്**

## ബയോപ്സി റിസൽട്ട് നോർമൽ ആയി

എനിക്ക് യൂട്രസ്സ് സംബന്ധമായ അസ്വസ്ഥതകളെതുടർന്ന് നടത്തിയ പരിശോധനകളിൽ യൂട്രസ്സിനുപുറത്ത് ഒരു തടിപ്പ് ഉണ്ടെന്ന് കണ്ടെത്തുകയും അത് ഓപ്പറേഷൻ ചെയ്ത് ബയോപ്സിക്ക് അയയ്ക്കണമെന്നും ഡോക്ടർമാർ പറഞ്ഞപ്പോൾ ബയോപ്സി ടെസ്റ്റിന്റെ റിസൾട്ട് വരുമ്പോൾ ഒരു കുഴപ്പവും ഉണ്ടായിരിക്കരുതേ റിസൾട്ട് നോർമൽ ആയിരിക്കണമെന്ന് വിശുദ്ധ ചാവറപിതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് 9 ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിക്കുകയും സാക്ഷ്യം എഴുതി നൽകാമെന്ന് നേരുകയും ചെയ്തു. അതിന്റെ ഫലമായി ബയോപ്സി റിസൾട്ട് വന്നപ്പോൾ യാതൊരു കുഴപ്പവുമില്ല എന്നറിഞ്ഞതിന് വിശുദ്ധ ചാവറപിതാവിന് നന്ദി പറയുന്നു.

**ഏലിയാമ്മ, ആർപ്പൂക്കര.**

## നഷ്ടപ്പെട്ട സ്വർണ്ണം തിരിച്ചുകിട്ടി

നഷ്ടപ്പെട്ട സ്വർണ്ണം തിരിച്ചുകിട്ടുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി രണ്ടുദിവസത്തിനകം സ്വർണ്ണം തിരിച്ചുകിട്ടിയതിന് നന്ദി പറയുന്നു.

**ജോളി, പത്തനംതിട്ട**

## പരീക്ഷയിൽ വിജയം

സാധിക്കുന്ന എല്ലാ ശനിയാഴ്ചകളിലും മാന്നാനത്ത് വന്ന് വിശുദ്ധ കുർബാനയിലും ചാവറപിതാവിന്റെ നൊവേനയിലും ആദ്യ ശനിയാഴ്ചകളിലെ ആരാധനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകന് പരീക്ഷയിൽ നല്ല മാർക്കോടെ പാസ്സാകാൻ സാധിച്ചതിന് നന്ദി പറയുന്നു.

**മിനി റെജി, അതിരമ്പുഴ**

## നടക്കാൻ കഴിവില്ലാതിരുന്ന കുട്ടി നടന്നു



എന്റെ പേര് ക്രിസ്റ്റോ. എനിക്ക് മൂന്നരവയസ്സായിട്ടും നടക്കുവാൻ സാധിക്കില്ലായിരുന്നു. എനിക്ക് നടക്കുവാൻ കഴിയുന്നതിനുവേണ്ടി എന്റെ മാതാപിതാക്കൾ വിശുദ്ധ ചാവറപിതാവിന്റെ മദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും നേർച്ച നേരുകയും ചെയ്തു. അനുഗ്രഹം ലഭിച്ചാൽ കബറിടത്തിൽ വന്ന് സാക്ഷ്യം നല്കികൊള്ളാമെന്നും നേർന്നതിന്റെ ഫലമായിട്ടാണ് കാലുകൾക്ക് ബലം ലഭിച്ച് നടക്കുവാൻ തുടങ്ങിയത്. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ച വലിയ അനുഗ്രഹത്തിന് നന്ദി പറയുന്നു

**ക്രിസ്റ്റോ തോമസ്, വണ്ടിപെരിയാർ**

## മനസ്സിലെ പേടി മാറി

എന്റെ മകൾ ഭയാശങ്കകൾ മൂലം പഠനത്തിൽ പുറകോട്ടുപോകുകയും ഒന്നിലും ഒരുത്സാഹവുമില്ലാതെയും വന്ന സാഹചര്യത്തിൽ കുട്ടിയ്ക്കുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി മനസ്സിലെ പേടി മാറി പഠനകാര്യങ്ങളിൽ പഴയതുപോലെ താല്പര്യം ഉണ്ടായതിനും ഉത്സാഹം തിരിച്ചുകിട്ടിയതിനും നന്ദി അറിയിക്കുന്നു

**റോസമ്മ മാത്യു, കുമാരനല്ലൂർ**

## ഉദരഫലം നൽകി അനുഗ്രഹിച്ചു

എന്റെ ചേച്ചിക്ക് വിവാഹശേഷം 10 വർഷത്തോളം കുഞ്ഞുങ്ങൾ ഇല്ലായിരുന്നു. അതിനുശേഷം ആദ്യമുണ്ടായ കുഞ്ഞ് 6 മാസം പ്രായമുള്ളപ്പോൾ അസുഖം ബാധിച്ച് മരിച്ചുപോയതിനാൽ മാനസികമായി ആകെ തകർന്ന ചേച്ചിക്കുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ആശ്രയിച്ച് നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു കുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് ഹൃദയം നിറഞ്ഞ നന്ദി പറയുന്നു.

**എലിസബത്ത് ജെയിംസ്, ആർപ്പൂക്കര**

## കുടിവെള്ളം കിട്ടി

ഞങ്ങൾ വേനൽക്കാലത്ത് കുടിവെള്ളത്തിനായി വളരെയധികം ബുദ്ധിമുട്ടിയിരുന്നു. അതിന് എന്തെങ്കിലുമൊരു പരിഹാരം കാണിച്ചുതരണമെയെന്ന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. അതിന്റെ ഫലമായി ഞങ്ങൾക്ക് പഞ്ചായത്തിന്റെ വാട്ടർകണക്ഷൻ ലഭിച്ചതിന് നന്ദി പറയുന്നു.

**റിന്ദുവും കുടുംബവും**

## വിവാഹം നടന്നു

മകന്റെ വിവാഹം നടക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി മകന്റെ വിവാഹം സമംഗളം നടന്നതിന് നന്ദി പറയുന്നു.

**ഏലിയാമ്മ, മാഞ്ഞൂർ**

## ഉദരഫലം നൽകി അനുഗ്രഹിച്ചു

വിവാഹം കഴിഞ്ഞ് മൂന്നു വർഷമായ സഹോദരന് സന്താനഭാഗ്യമുണ്ടാകുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും സാക്ഷ്യം നൽകാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി സന്താനഭാഗ്യം ലഭിച്ചതിന് നന്ദി പറയുന്നു

**റോജിൻസ്, ആർപ്പൂക്കര**

## അത്ഭുതകരം ഈ മാദ്ധ്യസ്ഥസഹായം



വേരിക്കോസ് വെയിൻ മൂലം ഞാൻ വളരെ ബുദ്ധിമുട്ടിയിരുന്നു. വിശുദ്ധ ചാവറപിതാവിന്റെ തിരുനാൾ ദിനത്തിൽ അസഹ്യമായ വേദനയോടെ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും തിരുനാൾ കുർബാനയിൽ നിയോഗം സമർപ്പിച്ച് വേദന മാറുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്തു. കുർബാനയുടെ സമയത്ത് ഞരമ്പ് വലിഞ്ഞുമുറുകി പൊട്ടുന്നതുപോലെയുള്ള വേദന തോന്നുകയും കാഴ്ചവയ്പ് സമയമായപ്പോൾ വേദന പൂർണ്ണമായും വിട്ടുമാറുകയും ചെയ്തു. പിന്നിട് ഇതുവരെ വേദന ഉണ്ടായിട്ടില്ല. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ദൈവം കനിഞ്ഞുനൽകിയ സൗഖ്യമാണെന്ന് വിശ്വസിച്ച് നന്ദിപറയുന്നു.

**സി. മരിയറ്റ് സി.എം.സി., തക്കല**

## വിദേശത്തേക്കുള്ള വീസാ ലഭിച്ചു

ഞാൻ അയർലണ്ടിലേക്കുള്ള ഇന്റർവ്യൂ പാസ്സായിട്ടും പേപ്പർവർക്കുകൾ നടക്കാതെ വന്ന സാഹചര്യത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി രണ്ട് ദിവസത്തിനുള്ളിൽ തടസ്സങ്ങൾ നീങ്ങി പേപ്പർ വർക്കുകൾ ആരംഭിക്കുന്നതിനുള്ള അനുഗ്രഹം ലഭിച്ചതിന് നന്ദി പറയുന്നു

**നീതു ടോജി, അയർലണ്ട്**

## വിട്ടുമാറാത്ത ചെവിവേദന മാറി

വളരെ മരുന്നുകൾ ചെയ്തിട്ടും ചെവിയ്ക്കുള്ളിൽ വിട്ടുമാറാത്ത വേദനയും പഴുപ്പും ഉണ്ടായിരുന്ന ഞാൻ 9 ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി അസുഖം പൂർണ്ണമായി മാറിയതിന് നന്ദി പറയുന്നു.

**റിന്റു മരിയ അബ്രഹാം, തിരുവഞ്ചൂർ**

## സ്ഥലം മാറ്റം ലഭിച്ചു

വീട്ടിൽ നിന്നും വളരെ അകലെ ജോലി ചെയ്തിരുന്ന എനിക്ക് വീടിനടുത്തേക്ക് മാറ്റം ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി വീടിനടുത്ത സ്ഥലത്തേക്ക് സ്ഥലം മാറ്റം കിട്ടിയതിന് നന്ദി പറയുന്നു.

**ജോയി, കുര്യനാട്**

## ആലംബമേകുന്ന വിശുദ്ധൻ

എന്റെ സഹോദരിക്ക് കണ്ണിന് പെട്ടെന്ന് വേദനയുണ്ടായി ഡോക്ടറെ കാണിച്ചപ്പോൾ കണ്ണിന്റെ കാഴ്ച കുറഞ്ഞുവരുകയാണ് കൂടുതൽ പരിശോധനകൾ വേണ്ടിവരുമെന്ന് പറഞ്ഞു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് കബറിടത്തിൽ വരുകയും വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി സഹോദരിയുടെ കണ്ണിന് നടത്തിയ ടെസ്റ്റുകളുടെ റിസൽട്ടിൽ കുഴപ്പമൊന്നുമില്ല എന്നറിഞ്ഞതിനും മുടങ്ങിക്കിടന്ന പരീക്ഷാഫലം അറിഞ്ഞതിനും നന്ദി പറയുന്നു.

**അമിയ, വാരിശ്ശേരി**

## സി.എ. പരീക്ഷയിൽ വിജയം

എന്റെ സഹോദരിയുടെ മകൻ മൂന്ന് പ്രാവശ്യം സി.എ. പരീക്ഷയിൽ പരാജയപ്പെട്ടപ്പോൾ ഞാൻ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും അടുത്ത പരീക്ഷയിൽ വിജയിക്കുകയാണെങ്കിൽ അവനെ കബറിടത്തിൽ കൊണ്ടുവന്ന് സാക്ഷ്യപ്പെടുത്താമെന്നും നേർന്നതിന്റെ ഫലമായി പിന്നീട് നടന്ന പരീക്ഷയിൽ വളരെ നല്ല മാർക്കുവാങ്ങി പാസ്സായത് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥശക്തിയാലാണെന്ന് വിശ്വസിച്ച് നന്ദി അറിയിക്കുന്നു.

**ബിബിൻ, എടത്വ**

## ആദ്യചാൻസിൽ IELTS പരീക്ഷയിൽ ജയിച്ചു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്ന് എഴുതിയ IELTS പരീക്ഷയിൽ ആദ്യചാൻസിൽ തന്നെ പാസ്സായതിനും യു.കെ. യിൽ പോയി പഠിയ്ക്കുവാൻ സാധിച്ചതിനും നന്ദി പറയുന്നു.

**മേഘ സിജു, കല്ലറ**

## അഡ്മിഷൻ ലഭിച്ചു, വിവാഹം നടന്നു





ഒരു വർഷമായി യതൊരു കോഴ്സിനും അഡ്മിഷൻ ലഭിക്കാതെ പഠനം മുടങ്ങിയിരുന്ന എന്റെ മകനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി മലേഷ്യയിൽ നല്ല കോഴ്സിന് അഡ്മിഷൻ ലഭിച്ച് പഠനം തുടരാൻ സാധിച്ചതിനും എന്റെ മകളുടെ വിവാഹം നടന്നതിനും നന്ദി പറയുന്നു.

**സുനി, തെള്ളകം**

## സന്താനഭാഗ്യം ലഭിച്ചു

എന്റെ മകന് വിവാഹം കഴിഞ്ഞ് 7 വർഷമായിട്ടും മക്കളില്ലായിരുന്നു. മകന് ഒരു കുഞ്ഞുണ്ടായി കാണുന്നതിനായി എല്ലാ ശനിയാഴ്ചകളിലും വിശുദ്ധ കുർബാനയിലും നൊവേനയിലും സ്ഥിരമായി സംബന്ധിച്ച് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്നും നേർന്നതിന്റെ ഫലമായി എന്റെ മകന് ഒരു കുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

**ഏലിയാമ്മ, മാന്നാനം**

## ജോലി ലഭിച്ചു

ഒരു നല്ല ജോലി ലഭിക്കുന്നതിനായി വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി നല്ല ജോലി ലഭിച്ചതിന് നന്ദി പറയുന്നു.

**ശാരു ജോൺ, ആർപ്പൂക്കര**

## വിശ്വാസജീവിതത്തിൽ തിരിച്ചെത്തി

വിശ്വാസജീവിതത്തിൽ നിന്നും വ്യതിചലിച്ച് ജീവിച്ചിരുന്ന മകളുടെ മാനസാന്തരത്തിനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി അത്ഭുതകരമായി മകൾ വിശ്വാസജീവിതത്തിലേക്ക് പൂർണ്ണമായി തിരിച്ചുവന്നത് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താലാണെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**ബിബിത**

## HAAD പരീക്ഷ പാസ്സായി

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും 9 ശനിയാഴ്ചകളിലെ വിശുദ്ധ കുർബാനയും നൊവേനയും നേർച്ചയായി നേരുകയും ചെയ്തതിന്റെ ഫലമായി മകൾ HAAD പരീക്ഷ പാസ്സായതിന് നന്ദി പറയുന്നു.

**വത്സമ്മ മാന്നാനം**

## 10-ാമത്തെ പ്രാവശ്യം IELTS പരീക്ഷയിൽ ജയിച്ചു

9 തവണ IELTS പരീക്ഷയെഴുതിയിട്ടും പാസ്സാകാതിരുന്ന എന്റെ മകന് വേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് കബറിടത്തിൽ വരുകയും വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി 10-ാമത് എഴുതിയ പരീക്ഷയിൽ വളരെ ഉയർന്ന മാർക്കോടെ പാസ്സായത് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താലാണെന്ന് വിശ്വസിച്ച് നന്ദി അറിയിക്കുന്നു.

**ജോസ്, ഒളശ്ശ**

## പ്രതിസന്ധികളിൽ ആശ്വാസം

വാങ്ങുവാൻ ഒട്ടും സാധ്യതയില്ലാതിരുന്ന സ്ഥലം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി വാങ്ങാൻ സാധിച്ചതിനും കൂടാതെ ഞങ്ങളുടെ കുടുംബത്തെ ബാധിക്കുമായിരുന്ന വലിയൊരു പ്രശ്നത്തിൽ നിന്നും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് രക്ഷപെട്ടതിനും നന്ദി അറിയിക്കുന്നു.

**ബിനുമോൾ ജോർജ്, തെള്ളകം**

## പരീക്ഷാവിജയം

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി 10-ാം ക്ലാസ്സ് പരീക്ഷയിൽ ഉയർന്ന വിജയം ലഭിച്ചതിന് നന്ദി പറയുന്നു.

**നീനു മാത്യു, തൊടുപുഴ**

## കാല് വേദന വിട്ടുമാറി

എന്റെ ഇടതുകാലിന് അസഹ്യമായ വേദന ഉണ്ടായി നടക്കുവാനും പള്ളിയിൽ പോകുവാനും സാധിക്കാതെയായി. ഞാൻ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ വേദന മാറുന്നതിനായി പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി കാലുവേദന പൂർണ്ണമായി വിട്ടുമാറി, വിശുദ്ധ കുർബാനയിലും നൊവേനയിലും പങ്കെടുക്കുന്നതിനുള്ള അനുഗ്രഹം ലഭിച്ചതിന് നന്ദി പറയുന്നു.

**ചിന്നമ്മ, ആർപ്പൂക്കര**

## തടസ്സപ്പെട്ടുകിടന്ന വീസാ ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് കബറിടത്തിൽ വരുകയും വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി ഒരു വർഷമായി മുടങ്ങിക്കിടന്നിരുന്ന ന്യൂസിലന്റ് വീസാ ലഭിച്ചതിന് നന്ദി പറയുന്നു.

**ശീതൾ ദീപക്, ആർപ്പൂക്കര**

## പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന പിതാവ്

എന്റെ മകൾക്ക് ആലോചന തുടങ്ങി വളരെ നാളായിട്ടും വിവാഹം നടക്കാതെ വന്നപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും 9 ശനിയാഴ്ചകളിലെ വിശുദ്ധ കുർബാനയും നൊവേനയും നേർച്ചയായി നേരുകയും ചെയ്തതിന്റെ ഫലമായി 9 ശനിയാഴ്ച പൂർത്തിയാകുന്നതിന് മുമ്പ് തന്നെ മകളുടെ വിവാഹം ഉറപ്പിക്കുന്നതിനും ജനുവരിയിൽ വിവാഹം നടത്തുവാനും സാധിച്ചതിന് നന്ദി പറയുന്നു.

**ലിസ, അതിരമ്പുഴ**

## പ്രതിസന്ധികളിൽ തണലേകുന്ന സ്നേഹം

സഹോദരന്റെ പേരിലുണ്ടായ ഗൗരവതരമായ കേസ് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് സാക്ഷ്യം നൽകാമെന്നും നേർന്നതിന്റെ ഫലമായി പെറ്റി കേസായി തീർന്നതിനും സഹോദരന്റെ മകന് സ്കൂളിൽ പോകുന്നതിന് ഭയങ്കരമടിയായിരുന്നത് വിശുദ്ധ ചാവറപിതാവിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥനയാൽ മടി മാറിയതിനും നന്ദി പറയുന്നു

**ജാസ്മിൻ ജോൺ, നമ്പ്യാകുളം**

## റ്റി.റ്റി.സി. പരീക്ഷയിൽ ഉയർന്ന വിജയം



വിശുദ്ധ ചാവറപിതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിക്കുകയും സാക്ഷ്യം എഴുതി നൽകാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി റ്റി.റ്റി.സി. പരീക്ഷയിൽ ഉയർന്ന വിജയം ലഭിച്ചതിനും യോജിച്ച ജീവിത പങ്കാളിയെ ലഭിച്ചതിനും നന്ദി പറയുന്നു.

**സബിതാമോൾ സദാനന്ദൻ, മാന്നാനം.**

## സന്താനഭാഗ്യം ലഭിച്ചു

ഞങ്ങൾക്ക് വിവാഹം കഴിഞ്ഞ് 5 വർഷമായിട്ടും മക്കളില്ലായിരുന്നു. പലവിധ ചികിത്സകൾ നടത്തി നിരാശരായ ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി പിതാവിന്റെ മാദ്ധ്യസ്ഥതയാൽ ഒരു കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചതിന് നന്ദി പറയുന്നു

**നിമ്മ്യ ജിജു, ആർപ്പൂക്കര**

## നേഴ്സിംഗ് പരീക്ഷയിൽ ഉയർന്നവിജയം ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി ബി.എസ്.സി. നേഴ്സിംങ് പരീക്ഷയിൽ ഉയർന്ന വിജയം ലഭിച്ചതിന് നന്ദി പറയുന്നു

**അനിത കുരുവിള, കുമാരനല്ലൂർ**

## സൗഖ്യം നല്കിയ പുണ്യപിതാവ്



എന്റെ കുഞ്ഞിന് ജനനസമയത്ത് കിഡ്നിക്ക് തകരാറുള്ളതായി കണ്ടെത്തിയിരുന്നു. കുഞ്ഞിന്റെ സൗഖ്യത്തിനായി ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും കുഞ്ഞിനെ ആരോഗ്യത്തോടെ ലഭിച്ചാൽ കുഞ്ഞുമായി കബറിടത്തിൽ വന്ന് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് സാക്ഷ്യം നൽകാമെന്നും നേർന്നു. അതിന്റെ ഫലമായി പിന്നീട് നടന്ന സ്കാനിംഗിൽ കുഞ്ഞിന്റെ കിഡ്നിയുടെ തകരാർ പൂർണ്ണമായി മാറിയതായും ഇപ്പോൾ കുഴപ്പമൊന്നമില്ല എന്നും കണ്ടെത്തി. ഇത് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹമാണെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**ജോയൽ ജോബി, കട്ടപ്പന**

## രോഗങ്ങളിൽ നിന്നും സൗഖ്യം

പകരുന്ന അസുഖം ബാധിച്ച എന്റെ സഹോദരന് സൗഖ്യം ലഭിക്കുന്നതിനും രോഗം മറ്റ് കുടുംബാംഗങ്ങൾക്ക് ബാധിക്കാതിരിക്കുന്നതിനും വേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി അത്ഭുതകരമായ വേഗത്തിൽ സൗഖ്യം ലഭിക്കുകയും അസുഖം മറ്റാർക്കും പകരാതിരിക്കുകയും ചെയ്തതിന് നന്ദി പറയുന്നു.

**ജോമോൾ, ഞീഴൂർ**

## വീസാ ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ ബെൽജിയത്തിലേക്കുള്ള വീസാ സ്റ്റാമ്പ് ചെയ്ത് കിട്ടിയതിന് നന്ദി പറയുന്നു.

**റ്റോണി, കല്ലറ**

## CBT, OET പരീക്ഷകൾ പാസ്സായി

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി CBT, OET പരീക്ഷ പാസ്സായതിനും ഡിസിഷൻ ലെറ്റർ കിട്ടുന്നതിനുള്ള തടസ്സങ്ങൾ മാറിയതിനും നന്ദി പറയുന്നു.

**അനിമോൾ, വേദഗിരി**

## ഖത്തറിൽ ജോലി ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് വിദേശത്ത് ജോലി ലഭിക്കണമെന്ന നിയോഗത്തോടെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്നും നേർന്നതിന്റെ ഫലമായി ഖത്തറിൽ ജോലി ലഭിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്തിന് നന്ദി പറയുന്നു.

**ജേക്കബ് സി. രാജു, തിരുവഞ്ചൂർ**

## ബി. ടെക്. പരീക്ഷയിൽ ഉയർന്ന വിജയം

ബി. ടെക്. ന് പഠിച്ചിരുന്ന എന്റെ മകന്റെ വിജയത്തിനായി ഞാൻ എല്ലാ ശനിയാഴ്ചയും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ആശ്രയിച്ച് നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചിരുന്നു. 7-ാം സെമസ്റ്ററിന്റെ ഒരു പേപ്പർ കിട്ടാനുണ്ടായിരുന്നത് റീവാല്യുവേഷനിലൂടെ പാസ്സായി. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ മകൻ ബി.ടെക് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും പാസ്സായതിന് നന്ദി പറയുന്നു.

**ജാൻസി, കുമാരനല്ലൂർ**

## തടസ്സങ്ങൾ മാറി പരീക്ഷാഫലം അറിഞ്ഞു

എന്റെ മകളുടെ പരീക്ഷാഫലം വരാൻ പലവിധ തടസ്സങ്ങൾ ഉണ്ടായപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും പരീക്ഷാഫലം പെട്ടെന്ന് അറിയാൻ സാധിച്ചാൽ സാക്ഷ്യം നൽകാമെന്ന് നേർന്നതിന്റെ ഫലമായി പെട്ടെന്ന്തന്നെ ഫലമറിയാൻ സാധിച്ചു നന്ദി പറയുന്നു.

**ആലീസ് ജോസ്, രാമപുരം**

## പ്രോജക്റ്റ് പൂർത്തി ആക്കാൻ സാധിച്ചു

കാനഡയിൽ ജോലി ചെയ്യുന്ന എന്റെ ബാങ്ക് സംബന്ധമായ ഒരു പ്രോജക്റ്റ് എത്ര പരിശ്രമിച്ചിട്ടും പൂർത്തിയാകാതെ വന്നപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും ഒരു കുർബാന നേർച്ചയായി നേരുകയും ചെയ്തതിന്റെ ഫലമായി പ്രോജക്റ്റ് പൂർത്തിയാക്കാൻ സാധിച്ചതിന് നന്ദി പറയുന്നു.

**സ്മിതാ ജോസഫ്, കാനഡ**

## നിരന്തരമായ പ്രാർത്ഥനയ്ക്കുത്തരം



ഞാൻ 10-ാം ക്ലാസ്സിൽ പഠിയ്ക്കുന്ന സമയത്ത് നേഴ്സിംഗ് പഠിച്ച് വിദേശത്ത് ജോലി ചെയ്യണമെന്ന നിയോഗത്തിൽ വിശുദ്ധ ചാവറപിതാവിൻെറ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും എല്ലാ ദിവസവും മദ്ധ്യസ്ഥപ്രാർത്ഥന ഈ നിയോഗത്തിൽ ചൊല്ലുകയും ചെയ്തതിന്റെ ഫലമായി നേഴ്സിംഗ് പാസ്സായി സൗദിയിൽ ജോലി ചെയ്യുന്നതിനുള്ള അനുഗ്രഹം ലഭിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്തിന് നന്ദി പറയുന്നു.

**ജോമോൾ പി. ജോൺ, വൈയ്ക്കം**

## ജോലിതടസ്സം മാറി

വിശുദ്ധ ചാവറപിതാവിന്റെ മദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും നേർച്ച നേരുകയും ചെയ്തതിന്റെ ഫലമായി ജോലി തടസ്സം മാറി നല്ലൊരു കമ്പനിയിൽ ജോലി ലഭിച്ചതിന് നന്ദി പറയുന്നു.

**സ്നേഹ സിബി, കുറുപ്പന്തറ.**

## പരീക്ഷ ആദ്യചാൻസിൽ പാസ്സായി

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ IELTS പരീക്ഷ ആദ്യചാൻസിൽ തന്നെ പാസ്സായതിന് നന്ദി പറയുന്നു

**ജിബിൻ സജി, കോതനല്ലൂർ**

## വിവാഹം നടന്നു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ മകന്റെ വിവാഹം നടന്നതിന് നന്ദി പറയുന്നു

**തോമസ്, മാഞ്ഞൂർ**

## നന്ദിയോടെ...



സി.എം.ഐ. സഭയിൽ 6 വർഷത്തെ സ്തുത്യർഹമായ നേതൃത്വശുശ്രൂഷയ്ക്കുശേഷം പൊതുശ്രേഷ്ഠഭവനത്തിൽ നിന്ന് വിരമിക്കുന്ന ബഹു. പ്രിയോർ ജനറാൾ ഡോ. പോൾ അച്ചാണ്ടിയച്ചനും, ജനറൽ കൗൺസിലേഴ്സിനും മാന്നാനം വിശുദ്ധ ചാവറതീർത്ഥാടന കേന്ദ്രത്തിന്റെ നന്ദിയും പ്രാർത്ഥനയും നേരുന്നു. തങ്ങളുടെ ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്നതിന് മുമ്പ് നന്ദി സൂചകമായി ബഹു. ജനറാളച്ചനും, കൗൺസിലേഴ്സും, കാക്കനാട് ചാവറഹിൽസ് ഭവനാംഗങ്ങളും ഫെബ്രുവരി 25-ാം തീയതി മുഴുവൻ സമയവും വിശുദ്ധ ചാവറയച്ചന്റെ കബറിടത്തിൽ പ്രാർത്ഥനയിൽ ചെലവഴിച്ചു.

## പുതിയ ആത്മീയ നേതൃത്വം



റവ. ഡോ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ.



റവ. ഡോ. ജോസി താമരശ്ശേരി സി.എം.ഐ.



റവ. ഫാ. മാർട്ടിൻ മള്ളാത്ത് സി.എം.ഐ.



റവ. ഫാ. ബിജു വടക്കേൽ സി.എം.ഐ.



റവ. ഫാ. പോൾസൺ പാലിയേക്കര സി.എം.ഐ.



റവ. ഫാ. ബാബു മറ്റത്തിൽ സി.എം.ഐ.

### പ്രാർത്ഥനാമംഗളങ്ങൾ

സി.എം.ഐ. സഭയുടെ പുതിയ പ്രിയോർ ജനറാൾ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. ഡോ. തോമസ് ചാത്തംപറമ്പിലച്ചനും ജനറൽ കൗൺസിലേഴ്സ് ഡോ. ജോസി താമരശ്ശേരിയച്ചനും, മാർട്ടിൻ മള്ളാത്തച്ചനും, ബിജു വടക്കേലച്ചനും പോൾസൺ പാലിയേക്കരയച്ചനും ജനറൽ ഓഡിറ്റർ ബാബു മറ്റത്തിലച്ചനും പ്രാർത്ഥനകളും ആശംസകളും നേരുന്നു.

## കൊറോണ വൈറസിനെതിരെ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം




### കാറോസൂസ

രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്ത കർത്താവേ, കൊറോണ വൈറസ് മൂലം രോഗബാധിതരായ ഞങ്ങളുടെ സഹോദരങ്ങളെ സുഖപ്പെടുത്തണമെന്നും അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ ആരോഗ്യരംഗത്തുപ്രവർത്തിക്കുന്ന മറ്റുള്ളവർ, ബന്ധുമിത്രാദികൾ എന്നിവരെയെല്ലാം കാത്തുപരിപാലിക്കണമെന്നും, അധികാരികളെയും ശാസ്ത്രീയഗവേഷണം നടത്തുന്നവരെയും രോഗപ്രതിരോധമാർഗ്ഗങ്ങൾ കണ്ടെത്തുവാൻ അനുഗ്രഹിക്കണമെന്നും ഈ പകർച്ചവ്യാധിയെ പൂർണ്ണമായും ഇല്ലാതാക്കി ലോകത്തെ സംരക്ഷിക്കാൻ കൃപയുണ്ടാകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളോട് കരുണയായിരിക്കണമേ.

മരണത്തിന്റെ താഴ്‌വരയിൽകൂടിയാണ് നടക്കുന്നതെങ്കിലും കർത്താവ് കൂടെയുള്ളതിനാൽ ഭയപ്പെടുകയില്ലായെന്ന് ഉദ്ഘോഷിച്ച സങ്കീർത്തകനോട് ചേർന്ന് ഉറച്ച വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ അങ്ങിൽ ആശ്രയിക്കുവാനും അനുതാപത്തോടും പ്രായശ്ചിത്തത്തോടുംകൂടെ മാനസാന്തരവഴികളിലൂടെ ഞങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിച്ച് എല്ലാ വിപത്തുകളിൽ നിന്നും കൊറോണ വൈറസ് ബാധയിൽനിന്നും ഞങ്ങളെയെല്ലാവരെയും രക്ഷിക്കണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളോട് കരുണയായിരിക്കണമേ.

## മാന്നാനത്ത് വിശുദ്ധ ചാവറപിതാവിന്റെ ജന്മദിനത്തിൽ ആദ്യാക്ഷരം കുറിച്ച് കുരുന്നുകൾ







വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ കേരളക്കരയിൽ സമൂലമാറ്റത്തിന് നാന്ദി കുറിച്ച്, അജ്ഞതയെന്ന ഇരുട്ടിനെ തുടച്ചുമാറ്റിക്കൊണ്ട് വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ പരിവർത്തനങ്ങൾ നടത്തിയ വിദ്യാഭ്യാസപ്രേഷിതനായ വിശുദ്ധ ചാവറപിതാവിന്റെ ജന്മദിനമായ ഫെബ്രുവരി 10 ന് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തെ സാക്ഷിയാക്കി, മാന്നാനം ആശ്രമദൈവാലയത്തിൽ കുഞ്ഞുങ്ങളെ ആദ്യാക്ഷരം കുറിപ്പിക്കുന്ന കർമ്മം നടന്നു. ഫെബ്രുവരി 10 തിങ്കളാഴ്ച 11 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയെതുടർന്ന് അക്ഷരലോകത്തേക്ക് കാൽവയ്ക്കുന്ന കുഞ്ഞുമക്കളെ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് ആദ്യാക്ഷരം കുറിപ്പിച്ചു. മാതാപിതാക്കളോടൊപ്പമെത്തിയ 56 കുഞ്ഞുങ്ങൾ ആദ്യാക്ഷരം കുറിച്ച് അറിവിന്റെ ലോകത്തേക്ക് കാൽവച്ചു. വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ യത്നിച്ച് പള്ളിക്കൊപ്പം പള്ളിക്കൂടമെന്ന കല്പന പുറപ്പെടുവിക്കാൻ നിർണ്ണായക പങ്കുവഹിച്ച, 'തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിലയ്ക്കണം, ഇതും പോരാ അവർ പഠിയ്ക്കുന്നു എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടിയാണ് നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം. എന്ന് ഒരു നല്ല അപ്പന്റെ ചാവരുളിലൂടെ കുടുംബങ്ങളെ പഠിപ്പിച്ച വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ കുഞ്ഞുങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ച് ആദ്യാക്ഷരം കുറിപ്പിക്കുന്നത് അവരുടെ ജീവിതത്തിലുടനീളം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥത്തണലിൽ ആയിരിക്കാൻ സഹായിക്കുമെന്ന വിശ്വാസത്താലാണ് നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും കുഞ്ഞുങ്ങളെ ചാവറപിതാവിന്റെ ജന്മദിനത്തിൽ എഴുത്തിനിരുത്തുവാൻ കൊണ്ടുവന്നത്. വിശുദ്ധ പിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നവർക്ക് വിദ്യാഭ്യാസരംഗത്ത് ഉന്നതവിജയം ലഭിക്കുന്നതിന്റെ നിരവധി സാക്ഷ്യങ്ങൾ അനുദിനവും ഇവിടെ ലഭിച്ചുകൊണ്ടിരിക്കുന്നു. 11 മണിക്ക് നടന്ന വിശുദ്ധ കുർബാനയിൽ ആശ്രമം പ്രിയോർ റവ. ഫാ. സ്കറിയ എതിരേറ്റ് മുഖ്യകാർമ്മികനായിരുന്നു. ബഹു. പ്രിയോരച്ചനൊപ്പം ഫാ. ഫിലിപ്പ് പഴയകരി, ഫാ. തോമസ് ചൂളപ്പറമ്പിൽ, ഫാ. തോമസ് മണ്ണൂപ്പറമ്പിൽ, ഫാ. ജെയിംസ് മഠത്തിൽചിറ, ഫാ. ജോമോൻ പുത്തൻപറമ്പ് എന്നിവർ കുഞ്ഞുങ്ങളെ ആദ്യാക്ഷരം കുറിപ്പിച്ചു. കുഞ്ഞുങ്ങൾക്ക് മധുരപലഹാരങ്ങളും സമ്മാനങ്ങളും നൽകി. ചടങ്ങിൽ സംബന്ധിച്ച മുഴുവൻ ആളുകളും നേർച്ചഭക്ഷണത്തിലും സംബന്ധിച്ചു.

## സൗഖ്യം നൽകിയ വിശുദ്ധൻ



എന്റെ മകന്റെ കൈ ചെറിയ സാധനങ്ങൾ എടുക്കുമ്പോൾപോലും ഉളുക്കി വേദനയുണ്ടാകുമായിരുന്നു. കുട്ടിയെ ഡോക്ടറെ കാണിച്ചപ്പോൾ എം.ആർ.ഐ. സ്കാൻ നിർദ്ദേശിക്കപ്പെട്ടു. ആ അവസരത്തിൽ ഞാൻ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി സ്കാനിംഗ് റിസൽട്ട് നോർമൽ ആയതിനും കൈയുടെ വേദന മാറിയതിനും നന്ദി പറയുന്നു.

**മരീന ജേക്കബ്**

## വീസാ തടസ്സം മാറി ജോലിയിൽ തുടരാൻ സാധിച്ചു



അയർലണ്ടിലുള്ള എന്റെ മകന്റെ വീസായ്ക്ക് തടസ്സം നേരിടുകയും മകനും കുടുംബവും അവിടെ നിന്ന് നാട്ടിലേക്ക് പോരേണ്ടതായ അവസ്ഥയും വന്നപ്പോൾ മകനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് കബറിടത്തിൽ വരുകയും 9 ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി വീസായുടെ തടസ്സങ്ങൾ മാറിയതിനും ജോലിയിൽ തുടരാൻ സാധിച്ചതിനും നന്ദി പറയുന്നു

**പുന്നൂസ്, മള്ളൂശ്ശേരി**

## മാന്നാനം ആശ്രമദേവാലയത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാളും നാല്പതുമണി ആരാധനയും

### 2020 ഏപ്രിൽ 24 മുതൽ മെയ് 3 വരെ

വിശുദ്ധ ചാവറപിതാവ് ആരംഭിച്ചതും ആണ്ടുതോറും നടത്തിവരുന്നതുമായ നാല്പതുമണി ആരാധനയും വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതിരുനാളും ഈ വർഷം ഏപ്രിൽ 24 മുതൽ മെയ് 3 വരെ ആഘോഷിക്കപ്പെടുന്നു. ദിവ്യകാരുണ്യ നാഥന്റെ കൃപാവരങ്ങളും സാർവ്വത്രിക സഭയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥവും സംരക്ഷണവും ലഭിക്കുന്നതിനായി ഏവരേയും തിരുനാൾ ആഘോഷങ്ങളിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## പരീക്ഷകളിൽ വിജയം

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി നാലാം വർഷ നേഴ്സിംഗ് പരീക്ഷയിൽ ഉയർന്ന വിജയം ലഭിച്ചതിന് നന്ദി പറയുന്നു

**മെറിൻ സിറിയക്, ഗാന്ധിനഗർ**

## ജോലി ലഭിച്ചു

ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി ജോലി ലഭിച്ചതിന് നന്ദി പറയുന്നു.

**ഷൈൻ സേവ്യർ, അതിരമ്പുഴ**

## OET പരീക്ഷയിൽ വിജയം

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി OET പരീക്ഷ പാസ്സായതിനും ഓസ്ട്രേലിയൻ വീസാ സ്റ്റാമ്പ് ചെയ്ത് കിട്ടിയതിനും ഭർത്താവിന്റെ ലീവ് കിട്ടുന്നതിനുള്ള തടസ്സങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ മാറിയതിനും നന്ദി പറയുന്നു.

**നീതുഫിലിപ്പ്, കൈപ്പുഴ**

## മക്കളെ നൽകി അനുഗ്രഹിച്ചു

എന്റെ മകന്റെ വിവാഹം കഴിഞ്ഞ് 5 വർഷമായിട്ടും മക്കളില്ലായിരുന്നു. മകന് ഒരു കുഞ്ഞുണ്ടാകുന്നതിനുവേണ്ടി ഞാൻ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും കുഞ്ഞ് ജനിച്ചാൽ ആൺകുട്ടിയാണെങ്കിൽ മാമ്മോദീസായിൽ കുര്യാക്കോസ് എന്ന പേര് നല്കാമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി മകന് ഒരാൺകുഞ്ഞ് ജനിച്ചതിന് നന്ദി പറയുന്നു.

**അമല, അമ്മഞ്ചേരി**

## നേഴ്സിംഗ് പരീക്ഷയിൽ വിജയം

നാലാം വർഷ നേഴ്സിംഗ് വിദ്യാർത്ഥിനിയായ മകൾക്ക് പരീക്ഷകൾ പൊതുവേ ബുദ്ധിമുട്ടായിരുന്നതിനാൽ വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ച് നല്ല വിജയം ലഭിക്കുന്നതിനായി മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി ഫസ്റ്റ്ക്ലാസ്സ് വിജയം ലഭിച്ചതിന് നന്ദി പറയുന്നു.

**ഏലിയാമ്മ, മാന്നാനം**

Published by : St. Kuriakose Elias Chavara Pilgrim Centre, Mannanam, Design & Production : Wild Thoughts, Kottayam 0481-2566959
For Private Circulation only.